ശ്രീ. കെ.ടി. അച്യുതൻ: അതു നാളെ അറിയാം.

Mr. Speaker: In the light of the facts stated by the Minister I withhold consent to the moving of the motion.

3. Mass picketing in front of the Kottayam Collectorate.

Mr. Speaker: Sarvashree C. Achutha Menon, M. M. Sundaram and T. K Ramakrishnan have given notices of a motion under Rule 49 to discuss a serious situation created by the mass picketing resorted to by The Valanjamganam refugees in front of the Kottayam Collectorate.

I call upon the Minister to state the facts.

ശ്രീ. ആർ. ശങ്കർ: സർ, വളഞ്ഞങ്ങാനത്തു താമസിച്ചിരുന്ന കുറേ ആളുകൾ ഏതാനും ആഴ്ചകൾക്കുമുൻപു് ഒരു ജാഥയായി പുറപ്പെട്ടു്, കോട്ടയം കളക്ടറേറ്റിൽ വന്നു് അതിനു മുൻപിൽ റോഡിൽ ഇരിക്കുകയായിരുന്നു. പക്ഷേ, അവർ അവിടെ വലിയ മാറ്റത്തടസമൊന്നും ഉണ്ടാക്കിയിട്ടില്ല. റോഡിൽക്കൂടി സാധാരണ നടന്നുപോകുന്നവർക്കോ, റോഡിൽക്കൂടി കളക്ടറേറ്റിനുള്ളിൽ കടക്കുകയോ, പുറത്തു വരികയോ ചെയ്യുന്നവർക്കോ ബുദ്ധിമുട്ടുണ്ടാകത്തക്കവിധത്തിൽ ഇരിക്കുകയോ, മറ്റു പ്രവർത്തനപരിപാടികളും സ്വീകരിക്കുകയോ ഒന്നും ഉണ്ടായിട്ടില്ല. ഈ ആളുകൾ വളഞ്ഞങ്ങാനം വിട്ടതു് അവിടെ അവർക്കു നൽകിയിട്ടുള്ള സ്ഥലം വാസയോഗ്യമല്ല എന്ന കാരണം പറഞ്ഞുകൊണ്ടാണു്. കഴിഞ്ഞ ഏതാണ്ടു രണ്ടുകൊല്ലമായിട്ടു് അവർ അവിടെ പാർക്കുകയായിരുന്നു. അവിടെ ഉണ്ടായിരുന്ന കുറച്ചു തടികളും മറ്റും വെട്ടിവിറ്റു് അവിടെ താമസിക്കുകയായിരുന്നു എന്നാണറിയുന്നതു്. അവിടെ കൃഷിചെയ്യാൻ വലിയ യത്നമൊന്നും ആരുംതന്നെ ചെയ്തതായി കാണുന്നില്ല. സാധാരണ മറ്റു സ്ഥലങ്ങളെ അപേക്ഷിച്ചു കൃഷിചെയ്യാൻ കുറേ പ്രയാസമുള്ള സ്ഥലമാണു് അതെന്നറിയുന്നു. ഏതായാലും ആ സ്ഥലം അന്നു് അവരുടെ നേതാക്കന്മാർ നോക്കി അംഗീകരിച്ചതിനുശേഷമാണു് നൽകിയതു്. രണ്ടു കൊല്ലമായിട്ടു് അവിടെ പാർത്തതിനുശേഷം, അതിനു പകരം അവർ പറയുന്ന സ്ഥലം അവർക്കു കൊടുക്കണമെന്ന ആവശ്യപ്പെടുകയുണ്ടായി. ആ ആവശ്യം നിറവേറുന്നതിനുവേണ്ടിയാണു് അവർ ജാഥയായി പുറപ്പെട്ടു്, കോട്ടയത്തു എത്തുകയും, അവിടെ സത്യാഗ്രഹം എന്നു പറയുന്ന ഈ പരിപാടി സ്വീകരിക്കുകയും ചെയ്തിട്ടുള്ളതു്. കുറേ അധികം ദിവസങ്ങളായിട്ടു് അവർ അവിടെ ഇരിക്കുന്നുണ്ടെങ്കിലും നേരത്തെ പറഞ്ഞതുപോലെ വലിയ ഉപദ്രവം ആർക്കും ഉണ്ടാക്കാതെയാണു് അവിടെ കഴിയുന്നതു്. ഇതിനിടയിൽ അവർ വിട്ടുപോകുന്ന സ്ഥലം കൃഷിചെയ്യാൻ കുറേ ബുദ്ധിമുട്ടുള്ളതാണെന്നു ഗവണ്മെൻറിനു കൂടി അറിവുള്ളതായതുകൊണ്ടു്, അവർക്കു് സമ്മതമാണെങ്കിൽ വേറെ സ്ഥലം കൊടുക്കാമെന്നു വാഗ്ദാനം ചെയ്യുകയുണ്ടായി. വാമനപുരത്താണു് പകരം സ്ഥലം കൊടുക്കാൻ നിശ്ചയിച്ചതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇവിടെയുള്ളവർക്കുതന്നെ താമസിക്കാൻ ഭൂമിയില്ലാതിരിക്കുകയാണു്. അതറിഞ്ഞുകൊണ്ടാണോ ഈ സ്ഥലം കൊടുക്കാമെന്നു തീരുമാനിച്ചതു് ?

ശ്രീ. ആർ. ശങ്കർ: ആ സ്ഥലം അവരുടെ ആളുകൾ അവിടെ ചെന്നു നോക്കിയെന്നാണു ഞാൻ അറിയുന്നതു്. അവർ പരിശോധിച്ചിട്ടു് ആ ഭൂമി അവർക്കു ഇഷ്ടപ്പെട്ടില്ലെന്നാണറിഞ്ഞതു്. ആ സ്ഥലം കൃഷിക്കു വളരെ ഉപയുക്തമാണെന്നുള്ളകാര്യത്തിൽ ഗവണ്മെൻറിനു് സംശയമില്ല. പക്ഷേ, അവിടെയുള്ള മരങ്ങളൊക്കെ വെട്ടിപ്പോയ ഒരു സ്ഥലമാണതെന്നു ഗവണ്മെൻറിനറിയാം. അവർ അവിടെ വരുന്നില്ലെങ്കിൽ വേറെ സ്ഥലം കൊടുക്കാൻ നിവൃത്തിയില്ല. അവർക്കു അലോട്ടുചെയ്തിരിക്കുന്ന സ്ഥലത്തേയ്ക്കു മടങ്ങിപ്പോകണം അല്ലാതെ വേറെ മാർഗ്ഗമില്ലെന്നു അവരെ അറിയിച്ചിട്ടുണ്ടു്. ഏതായിരുന്നാലും ഇന്നലെ മുതൽ അവർ സത്യാഗ്രഹത്തിന്റെ അടവൊന്നു

LIBRARY ARCHIVES Kerala Legislative Assembly

മാറ്റി. കളക്ടറേറ്റിനുള്ളിൽ ആളുകളെ പോകാൻ അനുവദിക്കാതെ കുറേ ഇരുന്നും, കിടന്നും മാർഗ്ഗതടസം ഉണ്ടാക്കുകയുണ്ടായി. സമാധാനപരമായ പിക്കറ്റിംഗ് എന്നാണ് ഇതിനെ പറയുന്നത്. യഥാർത്ഥത്തിൽ, കളക്ടറേറ്റിന്റെ പ്രവർത്തനം സ്തംഭിപ്പിക്കുന്നതിനാണ് ഈ നിലപാട് അവർ എടുത്തത്. അവർ ഒഴിഞ്ഞുമാറണമെന്നു പോലീസ് ആവശ്യപ്പെട്ടു. പക്ഷേ, അവർ കൂട്ടാക്കിയില്ല. അവരെ അവിടെനിന്നു മാറ്റാൻ നിവൃത്തിയില്ലാതെ, അറസ്റ്റുചെയ്തു മാറ്റാൻ നോക്കി. സ്വയം മാറുകയില്ലെന്നു ബോധപ്പെട്ടതിനു ശേഷം പോലീസിനു അവരെ അവിടെനിന്നു മാറ്റേണ്ടിവന്നു. യാതൊരു അനിഷ്ടസംഭവവും കൂടാതെതന്നെ അവരെ ആ സ്ഥലത്തുനിന്നു മാറ്റുകയാണു ഉണ്ടായതു്. ലാത്തിച്ചാർജ്ജു നടത്തി എന്നൊക്കെ ശ്രീ. എം. എം. സുന്ദരം അദ്ദേഹത്തിന്റെ പ്രമേയത്തിൽ പറഞ്ഞിട്ടുണ്ടു്. ലാത്തിച്ചാർജ്ജൊന്നും ഉണ്ടായില്ല. ലാത്തിച്ചാർജ്ജുണ്ടാകേണ്ട സന്ദർഭമൊന്നും ഉണ്ടായിട്ടില്ല. സ്വമേധയാ പോകാൻ അവർ കൂട്ടാക്കിയില്ല എന്നല്ലാതെ, അവരെ മാറ്റി വാനിൽ കയറ്റിക്കൊണ്ടുപോയപ്പോഴും അവർ വലിയ ബഹളമൊന്നും ഉണ്ടാക്കിയില്ല. അവരെ മാറ്റി മാർഗ്ഗതടസം ഒഴിവാക്കി. ഇതാണു് ഇന്നലെ വരെയുള്ള സ്ഥിതി. ഇന്നു് എന്താണു ചെയ്യാൻ പോകുന്നതെന്നു് അറിയാൻ പാടില്ല. ഒരു പക്ഷേ, ഇന്നും ആ മാതിരി ഒരു നടപടി സ്വീകരിക്കാൻ ഇടയുണ്ടു്. അങ്ങനെയാണെങ്കിൽ ഇന്നും മാർഗ്ഗതടസം ഉണ്ടാകാതിരിക്കാൻ അവിടെനിന്നു് അവരെ മാറ്റാൻ പോലീസു നിർബ്ബന്ധിതരാകും. മാറ്റപ്പെട്ട ആളുകളുടെ പേരിൽ മുറപ്രകാരം കേസെടുത്തിട്ടുണ്ടു്. അവരെ കോടതിയിൽ ഹാജരാക്കി മുറപ്രകാരം കേസു നടത്തും. ഇതല്ലാതെ അവിടെ അസാധാരണമായി യാതൊന്നും സംഭവിച്ചിട്ടില്ല. പോലീസു് അവരെ എടുത്തുമാറ്റേണ്ട ആവശ്യംതന്നെ ഉണ്ടാകുമായിരുന്നില്ല, അറസ്റ്റുചെയ്തു കഴിഞ്ഞാൽ ഉടനെ വാനിൽ കയറി പോകാൻ അവർ സന്നദ്ധരായിരുന്നെങ്കിൽ. അങ്ങനെ ചെയ്യാതിരുന്നതുകൊണ്ടു് പോലീസിനു് എടുത്തു മാറ്റേണ്ടിവന്നു. അതു് അനിഷ്ടസംഭവമൊന്നും ഉണ്ടാകാതെ നിവൃത്തിക്കാൻ കഴിഞ്ഞു എന്നുള്ളതും ആശ്വാസകരമാണു്. ഈ സാഹചര്യത്തിൽ അടിയന്തിരമായ എന്തെങ്കിലും സംഭവം ഉണ്ടായിത്തീരും എന്നു കരുതാനില്ല. അതിനാൽ ഈ അടിയന്തിര പ്രമേയം ഇവിടെ ആലോചനയ്ക്കു വരേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽനിന്നു വളരെ വ്യക്തമാണു്, സമാധാനപരമായിട്ടാണു് അവർ സത്യാഗ്രഹപരിപാടി തുടരുന്നതെന്നു്. ചില പത്രങ്ങളിൽ റിപ്പോർട്ട കാണുകയുണ്ടായി ശക്തിയായ മർദ്ദനമുണ്ടായി, അറസ്റ്റുചെയ്തു വാനിൽ കയറ്റാൻ ആളുകളെ വലിച്ചെറിഞ്ഞു എന്നെല്ലാം. ചില പോലീസുകാർ ബൂട്ടിട്ടു ചവിട്ടിയെന്നും, ലാത്തികൊണ്ടടിച്ചു എന്നും, ഭീകരമായ മർദ്ദനങ്ങളും നടത്തിയിട്ടുണ്ടെന്നും അറിയുന്നു അതിനെപ്പറ്റി കാര്യമായ അന്വേഷണം നടത്തേണ്ടതാണു്.

സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, രണ്ടു കൊല്ലമായി താമസിച്ചിരുന്ന സ്ഥലം ഉപേക്ഷിച്ചിട്ടു് കളക്ടറേറ്റിൽ സത്യാഗ്രഹം നടത്തുകയാണെന്നു്. ഇങ്ങനെ കോട്ടയം ടൗണിൽ, കളക്ടറേറ്റിനു മുൻപിൽ കുഞ്ഞുകുട്ടി പരാധീനങ്ങളും, കട്ട, കലം മുതലായ അവരുടെ ഉപകരണങ്ങളുമായി അവർ വന്നു താമസിക്കണമെങ്കിൽ തീരെ ഗതികെട്ടിട്ടാണെന്നുള്ള കാര്യം വിസ്മരിക്കരുതു്. അതല്ലാതെ എന്തെങ്കിലും കഴപ്പും ഈ കാര്യത്തിൽ ഉണ്ടാക്കണമെന്നു് ഒരു ഉദ്ദേശവും അവക്കില്ല. ഇത്രയും കാലം ഒരുവിധത്തിൽ അവർ അവിടെ കഴിഞ്ഞുകൂടി, തീരെ ഗതിയില്ലാതായപ്പോഴാണു് ഇങ്ങനെ ഒരു പരിപാടി സ്വീകരിച്ചതാണു്. ശ്രീ. ടി. ഏ. തൊമ്മൻ തന്നെ അവക്കു പാസു വാങ്ങിക്കൊടുത്ത കാര്യം ഇവിടെ സൂചിപ്പിച്ചിട്ടുണ്ടു്. വളഞ്ഞങ്ങാനത്തു താമസിക്കുന്നതിനോ, കൃഷിചെയ്യാനോ സാധ്യമല്ലാത്തതുകൊണ്ടു വേറെ സ്ഥലം വേണമെന്നാണു് പറയുന്നതു്. സാമാന്യം കൃഷിചെയ്യാൻ പറ്റിയ സ്ഥലം വേണമെന്നാണു് അവർ പറയുന്നതു്. ഏറ്റവും നല്ല സ്ഥലം വേണമെന്നു പറയുന്നില്ല. കൃഷിചെയ്യാൻ പറ്റിയ സ്ഥലം എവിടെ കിട്ടിയാലും പോകാൻ അവർ തയ്യാറാണു്. കോട്ടയം താലൂക്കിൽതന്നെ വാഴത്തോപ്പു്,

LIBRARY ARCHIVES Kerala Legislative Assembly

കീരിത്തോട് മുതലായ സ്ഥലത്തെപ്പോലെ കൃഷിചെയ്യാൻ പറ്റിയ സ്ഥലം അവർക്ക് കൊടുക്കുകയില്ലെന്നു് ഒരു തീരുമാനത്തിൽ ഗവണ്മെൻറു് നിൽക്കുന്നതു ശരിയല്ല. അതു ക്രൂരമായ ഒരു നിലപാടു ഗവണ്മെൻറു് സ്വീകരിക്കരുതെന്നും, ആവശ്യമായ നടപടി ഈ കാര്യത്തിൽ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണു്. തിരുവനന്തപുരത്തു വാമനപുരത്തായാലും, കൊല്ലത്തായാലും, സാമാന്യം നല്ല സ്ഥലം കൃഷിചെയ്യാൻ പറ്റിയ സ്ഥലം കൊടുത്തു് ഈ പ്രശ്നം പരിഹരിക്കണമെന്നഭ്യർത്ഥിക്കുകയാണു്.

Mr. Speaker : In the light of the facts stated by the Honourable Chief Minister, I withhold consent to the moving of the Adjournment motion.

CALLING ATTENTION UNDER RULE 61.

Damage caused to the building on the banks of the Bharathapuzha river at Kuttipuram.

Mr. Speaker : I have received notice under Rule 61 from Shri Moideenkutty Haji. I call upon the member to state he facts.

ശ്രീ. കെ മൊയ്തീൻകുട്ടി ഹാജി : സർ, ഭാരതപ്പുഴയിൽ, കുറ്റിപ്പുറം പ്രദേശത്തുള്ള ഇരുപാശങ്ങളിലും താമസിക്കുന്ന സാധാരണക്കാരായ ആളുകൾക്ക് നേരിട്ടുന്ന ചില ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപെടുത്താനാണു് ഞാൻ ഈ പ്രശ്നം ഉന്നയിക്കുന്നതു്. അവിടെ മല്ലൂർകടവു് മുതൽ കുറ്റിപ്പുറം പാലംവരെയുള്ള പ്രദേശത്തു് പുഴയിൽ അതിശക്തിയായ അടിയൊഴുക്കുണ്ടാവുന്നുണ്ടു് എല്ലാ വർഷത്തിലും ആ പ്രദേശത്തെ പുഴയുടെ ഇരുകരകളിലും മണ്ണിടിഞ്ഞുവീണു തെങ്ങുകൃഷികളും, വീടുകൃഷികളും നാശം സംഭവിക്കുന്നുണ്ടു്. ഇപ്പോഴും അവിടെയുള്ള ഒരു നമസ്കാരപ്പുര ഇടിഞ്ഞുവീണിട്ടുണ്ടു്. അതുപോലെ ഒരു പള്ളിയുടെ മതിൽ ഇടിഞ്ഞുപൊളിഞ്ഞു വീഴാറായ സ്ഥിതിയിലായിരിക്കുകയാണു്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനു് എന്താണു ചെയ്യാൻ സാധിക്കുന്നതെന്നുള്ളതിനെപ്പറ്റി എനിക്കൊരു പിടിയുമില്ല. എന്നിരുന്നാലും, അവിടെ എന്തെങ്കിലും ചെയ്യണമെങ്കിൽ അതു പഞ്ചായത്താണു ചെയ്യേണ്ടതു്. പുതുതായുണ്ടായ ഗ്രാമപ്പഞ്ചായത്തു് പ്രമേയം പാസ്സാക്കി ഈ കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടു്. സാമ്പത്തികശേഷിയില്ലാത്ത പഞ്ചായത്തുകൾ ഒന്നുംചെയ്യാൻ സാദ്ധ്യമല്ല. ആണ്ടുതോറും ഈ ഉപദ്രവം ഉണ്ടാകുന്നുണ്ടു്. വീടുകളും, തെങ്ങുകളും നശിക്കുന്നുണ്ടു്. അവിടെ ഒരുഭാഗത്തു് ഒരു റോഡുള്ളതു് അടുത്തകാലത്തു് ഇടിഞ്ഞുപോകുന്ന മട്ടിലായിട്ടുണ്ടു്. അവിടെ കല്ലിട്ടു് പുലിമുട്ടുപോലെ കെട്ടിയിട്ടും വളരെ പ്രയോജനമുള്ളതായി കാണുന്നില്ല. ഇങ്ങനെ വീടുകളും, ആരാധനാസ്ഥലങ്ങളും, റോഡും നശിക്കുകയും. തെങ്ങുകൃഷികൾ നഷ്ടം സംഭവിക്കുകയും ചെയ്യുന്നതിനാൽ പെട്ടെന്നു് എന്തെങ്കിലും പരിഹാരം ഉണ്ടാക്കിയില്ലെങ്കിൽ തോട്ടപ്പള്ളിയിൽ എന്നപോലെ ഒരു ദുഃസ്ഥിതി അവിടെ ഉണ്ടാകുമെന്നുള്ളതുകൊണ്ടു് ഈകാര്യം ഗവണ്മെൻറിൻറെയും, ഈ സഭയുടെയും ശ്രദ്ധയിൽപെടുത്തുകയാണു്. ആ സ്ഥലങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട ആളുകൾക്ക് ഈ വിഷമാവസ്ഥ ദൂരീകരിച്ചു് അവരുടെ ആരാധനാസ്ഥലങ്ങളും, വീടുകളും, ഭൂമിയും രക്ഷിക്കാൻ വേണ്ടതു ചെയ്യണമെന്നാഗ്രഹിക്കുന്നു.

ശ്രീ. പി. പി. ഉമ്മർകോയ : ആ സ്ഥലം എൻജിനീയർമാരെക്കൊണ്ടു് പരിശോധിപ്പിക്കുന്നതും അവരുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ ശ്രമിക്കുന്നതുമാണു്. ഭാരതപ്പുഴയുടെ തീരപ്രദേശങ്ങളിൽ ചില സ്ഥലങ്ങളിൽ റിവർ ഇറോഷൻ ഉണ്ടാകുന്നുണ്ടെന്നറിയാം, അതിനു പരിഹാരമായ സമഗ്രമായി എന്തെങ്കിലും നടപടി സ്വീകരിക്കാതെ

LIBRARY ARCHIVES Kerala Legislative Assembly